ELECTION OF MEMBERS TO THE RULES COMMITTEE.

MR. PRESIDENT : കമ്മറ്റിയുടെ തെരഞ്ഞെടുപ്പു സംബന്ധിച്ച് ഇവിടെ വന്നിട്ടുള്ള ഷെഡ്യൂൾ അനുസരിച്ച് നാമിനേഷൻ ഇന്നു വൈകുന്നേരം നാലുമണിക്കു മുമ്പ് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. എന്നാൽ ഈ സഭയിലുള്ള എല്ലാ അംഗങ്ങളും അതായത് സ്റ്റേറ്റു കാൺഗ്രസ്സ് പാർട്ടിയംഗങ്ങളും തമിഴ്നാടുകാൺഗ്രസ്സ് അംഗങ്ങളും മുസ്ലിംലിഗംഗങ്ങളും സ്വതന്ത്രന്മാരായ ബഹുമാനപ്പെട്ട മെമ്പർ മി: ഉമ്മീസ തരകനുംകൂടി യോജിച്ച് പതിനഞ്ചു പേരുടെ ലിസ്റ്റ് ഇവിടെ നൽകിയിട്ടുണ്ട്. അതിനാൽ നാമിനേഷൻ പേപ്പർ സമർപ്പിക്കേണ്ട ആവശ്യമില്ലെന്നാണ് തോന്നുന്നത്. അതല്ല നാമിനേഷൻ വേണമെന്നുണ്ടെങ്കിൽ അങ്ങനെയും ചെയ്യാം. ഇതു് എങ്ങനെ വേണമെന്നുള്ളതിനു ഈ സഭയുടെ അഭിപ്രായം അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

MR. T. A. ABDULLA (*Ambalapuzha I—Muslim Reserved*): ഇന്നു നാലുമണിവരെ നാമിനേഷൻ പേപ്പർ കൊടുക്കുന്നതിനു സമയമുണ്ടായിരിക്കുമെന്നു ഖണ്ഡിതമായി ഒരു നിശ്ചയം പാസ്സാക്കിയശേഷം ആ സമയംവരെ നാമിനേഷൻ പേപ്പർ കൊടുക്കുന്നതിനായി അവസരം അനുവദിക്കാതിരിക്കുന്നതു് നിയമപരമായി ശരിയല്ല. അതുകൊണ്ടു നാലു മണിവരെ നാമിനേഷൻ പേപ്പർ സമർപ്പിക്കുന്നതിനു ഇപ്പോഴും പാസ്സാക്കിയിട്ടുള്ള നിശ്ചയമനുസരിച്ചു കൊടുത്തിരിക്കുന്ന സാവകാശം ഒരിക്കലും അടച്ചുകളയുവാൻ നിവൃത്തിയില്ല. ഈ സമയത്തിനുള്ളിൽ വേറെ നാമിനേഷൻ പേപ്പർ വരുന്നില്ലെങ്കിൽ തെരഞ്ഞെടുപ്പിനായി വീണ്ടും സഭകൂടേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോഴും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പേരുകാരെത്തന്നെ മെമ്പറന്മാരായി അദ്ധ്യക്ഷൻ പ്രഖ്യാപനം ചെയ്യാവുന്നതാണ്. അതിനാൽ ഇപ്പോഴും പാസ്സാക്കിയ നിശ്ചയം ഭേദപ്പെടുത്താത്തപക്ഷം നാമിനേഷൻ പേപ്പർ സ്വീകരിക്കുന്നതിനുള്ള സമയം നാലുമണിവരെ ഉണ്ടായിരിക്കേണ്ടതാണ്.

MR. K. A. MAHOMED (*Quilon IV —Muslim Reserved*) : ഇപ്പോഴും നാം ഈ തീരുമാനം ചെയ്താൽ ഇതിനു മുമ്പുചെയ്ത തീരുമാനം വേണ്ടാ എന്നു വയ്ക്കുകയായിരിക്കും ഫലം. അതിനാൽ എല്ലാകക്ഷികളുംകൂടി ചേർന്നു പതിനഞ്ചു അംഗങ്ങളുടെ പേരുവിവരം തന്നിരിക്കുന്നതുകൊണ്ടു മറെറാരു തീരുമാനം ചെയ്യാതെതന്നെ ഈ പേരുവിവരംലിസ്റ്റ് അംഗീകരിക്കപ്പെടാമോ എന്നു നോക്കേണ്ടതാണു.

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum II—General*) : ഈ പ്രമേയം പാസായനിലയ്ക്ക് നാമനിർദ്ദേശപത്രം സ്വീകരിക്കാൻ നാലുമണിവരെ സമയം കൊടുക്കണമെന്നാണ് എനിക്ക് തോന്നുന്നത്. ഇപ്പോൾ ഫോറം പേരെ എല്ലാവരുംകൂടി യോജിച്ചുള്ള അഭിപ്രായപ്രകാരമാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്നു മി. അബ്ദുല്ലാ പറഞ്ഞു കേട്ടു. ഇതിന്റെ യാഥാർത്ഥ്യം എനിക്കു അറിവില്ല. എന്നു മാത്രമല്ല, നിയമത്തെ തന്നെ അനുസരിക്കണമെന്നാണ് എനിക്ക് തോന്നുന്നതു.

MR. PRESIDENT : സ്റ്റേറ്റുകോൺഗ്രസ്സുപാർട്ടിയിൽനിന്നും മി. അച്യുതൻ ഫോറു പേരുടേയും, തമിഴ്നാട്കോൺഗ്രസുപാർട്ടിയിൽനിന്നും മി. നേശമണി രണ്ടുപേരുടെയും, മുസ്ലീംലീഗ്പാർട്ടി സെക്രട്ടറി ഒരാളിന്റെയും ലിസ്റ്റ് തന്നിട്ടുണ്ട്. ഇതിനും പുറമെ സ്വതന്ത്രമെംബറായ മി. ഉരുമീസുതരകൻ ഈ പേരുകളെല്ലാം തന്റെ സമ്മതത്തോടുകൂടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നു സമ്മതിച്ചു എഴുതിത്തന്നിട്ടുമുണ്ട്.

MR. K. A. MAHOMED : ആ നിലയ്ക്ക് ഈ പേരുകൾ സ്വീകരിക്കുന്നതിനെപ്പറ്റി ഫാർമലായി ഒരു പ്രമേയം കൊണ്ടുവരുന്നതായിരിക്കും നല്ലതെന്ന് എനിക്കുതോന്നുന്നു.

MR. P. S. MAHOMED (*Muvattupuzha I—Muslim reserved*) : ഇപ്പോൾ ഇവിടെ ഉന്നയിക്കുന്ന സംഗതി നിയമതടസ്സം വന്നതുകൊണ്ടുണ്ടായ ഒരു പ്രശ്നമാണ്. ഒരു പ്രമേയം നിലവിലിരിക്കുന്ന നിയമത്തെ ലംഘിച്ചുകൊണ്ടാകാമോ എന്നു ആലോചിക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ ആ നിയമത്തിലെ ആ വകുപ്പു സസ്പെൻഡുചെയ്യുമുൻപോട്ടുപോകണമെന്നല്ലാതെ ഒരു നിയമത്തെ അതേ രീതിയിൽതന്നെ വച്ചുകൊണ്ടു ആ നിയമത്തെ അപ്പോൾതന്നെ ലംഘിച്ചു ഒരു തീരുമാനം ചെയ്യുക എന്നുള്ളതു ഒരിക്കലും ശരിയല്ല. അതിനാൽ ആദ്യമായി ചെയ്യേണ്ടതു നിയമതടസ്സത്തെ ഇല്ലാതാക്കുകയാണ്.

MR. A. NESAMONY : May I, Sir, with your permission suggest a way out of this difficulty as suggested by Mr. Mahomed. The Standing Orders of the previous Assembly for suspending certain provisions of the Act may be referred to and followed with advantage for expediting the business of the House.

Now, what fetters you, Sir, in giving effect to the agreed proposition that has been put before you about Rule 3 of the Rules which have just been passed? If you, Sir, would just suspend the operation of that particular clause, then the way is very clear and by a resolution of the House, that motion could be adopted.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : Does the member move any resolution to that effect ?

MR. A. NESAMONY : I will formally do that. I move "That the operation of Rule 3 of the Schedule be suspended."

MR. P. S. MAHOMED : I second it.

MR. PRESIDENT : Does any member object to it ?
(There was no objection).

MR. PRESIDENT : The resolution of Mr. Nesamony is accepted by the House.

MR. PRESIDENT: ഈ പ്രമേയം അനുസരിച്ചു ഫ ര അംഗങ്ങളെയാണു തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നതു. ഈ സഭയിലുള്ള എല്ലാവരും കൂടി യോജിച്ചു ഫ ര പേർ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ താഴെ വിവരിക്കുന്നവരെ മെംബർമാരായി നിയമിച്ചിരിക്കുന്നു.

ഫ.	മി.	എ. താണുപിള്ള
ര.	,,	ടി. എം. വർഗീസു
ന.	,,	സി. കേശവൻ
ര.	,,	കെ. എൻ. ശങ്കുണ്ണിപ്പിള്ള
ര.	,,	ടി. ടി. കേശവൻശാസ്ത്രി.
സ.	,,	എൻ. കുഞ്ഞുരാമൻ
ഒ.	,,	വി. ഒ. മാക്കോസ്
വ.	,,	എസ്. നീലകണ്ഠയ്യർ
ൻ.	,,	കെ. വേലായുധൻനായർ
ഫ ൦.	,,	കെ. എ. മാത്യു
ഫ ഫ.	,,	എൻ. വി. ചാക്കോ
ഫ ര.	,,	ആൽബർട്ട് ലോപ്പസ്
ഫ ന.	,,	എ. നേശമണി
ഫ ര.	,,	കെ. രാമൻപിള്ള
ഫ ര.	,,	അബ്ദുൽഅസീസ്

The Committee will submit its report in ten days time, *i. e.*, before the 5th April 1948.

The House will stand adjourned till 9th April 1948.

The House adjourned at 1·57 p. m. to meet again at 11 A. M. on 9th April 1948.

V. KRISHNAMOORTHI AIYAR,
Secretary to the Representative Body.

LIBRARY ARCHIVES Kerala Legislative Assembly